हर कदम, हर डगर
किसानों का हमसफर
भारतीय कृषि अनुसंधान परिषद
Agrisearch with a human touch

# കെ.വി.കെ. (എറണാകുളം)
# വാർത്താപത്രിക

മലയാളം - ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു.

ISSN No. 2321-6220

നം. 14 ഏപ്രിൽ-സെപ്റ്റംബർ 2014



കെ.വി.കെ.യുടെ പ്രദർശന പൊക്കാളി കൃഷിയിൽ നിന്നും ലഭിച്ച വിളവുമായി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്




രാസകീടനാശിനികൾക്ക് പകരം സൂക്ഷ്മാണുക്കൾ: മഞ്ഞപ്രയിലെ കെ.വി.കെ.യുടെ പ്രദർശന തോട്ടത്തിൽ നിന്നും ഒരു അനുഭവ പാഠം



കടക്നാഥ്: സുരക്ഷിതമായ മാംസത്തിനും മുട്ടയ്ക്കുമായി കെ.വി.കെ. പ്രചരിപ്പിക്കുന്ന പുതിയ ഇനം കോഴി

**കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)**
**ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**
*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*
ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം,
കേരളം - 682 505, ഫോൺ : 0484 2492450
ഇ-മെയിൽ : kvkernakulam@yahoo.co.in | വെബ്സൈറ്റ് : www.kvkernakulam.org.in

भाकृ अनुप
ICAR

के स मा अनु सं
CMFRI

# ഉദ്ദേശലക്ഷ്യങ്ങൾ

ജില്ലയിലെ ഒരു പ്രദേശത്തിനിണങ്ങുന്ന കാർഷിക സങ്കേതങ്ങൾ കണ്ടെത്തി വികസിപ്പിച്ചെടുക്കുകയും അവ കർഷകരിലേക്ക് എത്തിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് കാർഷിക മേഖലയിലുള്ള അറിവിന്റെയും സാങ്കേതിക വിദ്യകളുടെയും കലവറയായി പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പൊതുവായ ഉദ്ദേശലക്ഷ്യം. കൃത്യമായ ഉദ്ദേശലക്ഷ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- പുത്തൻ കാർഷിക സാങ്കേതിക വിദ്യകൾ ജില്ലയിലേക്ക് യോജിച്ചതാണോ എന്നറിയുന്നതിനായുള്ള കർഷക പങ്കാളിത്ത കൃഷിയിട പരീക്ഷണങ്ങൾ നടത്തുക.
- മുൻനിര പ്രദർശനങ്ങളിലൂടെ വിളകളുടെയും കാർഷിക സംരഭങ്ങളുടെയും ഉത്പാദനക്ഷമത തെളിയിക്കുക.
- കർഷകർക്കും കാർഷിക വിജ്ഞാന വ്യാപന മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും പുത്തൻ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുക.
- വിജയപ്രദമായ പുത്തൻ കാർഷിക സാങ്കേതിക വിദ്യകൾ സാമാന്യ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക.
- കാർഷിക-മൃഗസംരക്ഷണ-ഫിഷറീസ് മേഖലകളിലേയ്ക്കാവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയും ജൈവ/സുരക്ഷിത കൃഷിക്കാവശ്യമായ മറ്റു ഉത്പന്നങ്ങളും കർഷകർക്ക് ലഭ്യമാക്കുക.
- ജില്ലയുടെ കാർഷിക സമ്പദ്വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ-സർക്കാരിതര-സന്നദ്ധ സംഘടനകളുമായും വകുപ്പുകളുമായും സഹകരിക്കുകയും കാർഷിക സാങ്കേതിക വിദ്യകളുടെ കലവറയായി വർത്തിക്കുകയും ചെയ്യുക.

# ആമുഖം



കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിനുകീഴിൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം കർഷക സേവനത്തിന്റെ നീണ്ട മുപ്പത്തിയൊൻപത് വർഷങ്ങൾ വിജയകരമായി പിന്നിട്ടിരിക്കുകയാണ്. കൃഷിയുടെ എല്ലാ മേഖലകളിലുമുള്ള സാങ്കേതിക വിദഗ്ദരുടെ ഒരു സന്നദ്ധസംഘം തന്നെ ഈ കെ.വി.കെ.യിലുണ്ട്. പുത്തൻ സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുക, കർഷക പങ്കാളിത്ത ഗവേഷണങ്ങൾ നടത്തുക, ഗുണമേന്മയുള്ള വിത്തുകളും വളങ്ങളും മറ്റും കർഷകർക്ക് ലഭ്യമാക്കുക, കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനങ്ങൾ സംഘടിപ്പിക്കുക തുടങ്ങി പൊതുവെ കർഷകരുടെയും കാർഷിക മേഖലയുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുക എന്നതാണ് കെ.വി.കെയുടെ പ്രധാന ഉത്തരവാദിത്വം. നാം ഇന്നു കഴിക്കുന്ന ഭക്ഷണത്തിന്റെയും കുടിക്കുന്ന വെള്ളത്തിന്റെയും ശ്വസിക്കുന്ന വായുവിന്റെയും സുരക്ഷിതത്വത്തെക്കുറിച്ചുള്ള വ്യാകുലതകളാണ് ഇന്ന് സമൂഹത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നം. ഒട്ടുമുക്കാലും രോഗങ്ങളുടേയും മൂലകാരണം നമ്മൾ കഴിക്കുന്ന ഭക്ഷണം തന്നെയാണ്. സുരക്ഷിത കൃഷി, വൃത്തിയായ ഭക്ഷ്യ സംസ്കരണം, ചുറ്റുപാടുകൾ ശുചിയായി സൂക്ഷിക്കുക എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. എറണാകുളം കെ.വി.കെ ഇപ്പോൾ പ്രധാന പരിഗണന നൽകുന്നത് സുരക്ഷിത കൃഷിരീതികളും സുരക്ഷിത ഭക്ഷ്യഉത്പാദനവും ഉറപ്പാക്കുന്നതിനായി കർഷകർക്കും പൊതുജനങ്ങൾക്കും വേണ്ട സാങ്കേതിക പിന്തുണ നൽകുക എന്നതാണ്. ഇതിനുവേണ്ടി കുടുംബ കൃഷിയിലൂടെ വീട്ടാവശ്യത്തിനു വേണ്ട ഭക്ഷ്യപദാർത്ഥങ്ങൾ കഴിവതും വീട്ടിൽ തന്നെ ഉണ്ടാക്കിയെടുക്കുക എന്നതിനാണ് ഞങ്ങൾ പ്രാമുഖ്യം കൊടുക്കുന്നത്. സുരക്ഷിതമായ കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾക്കു പുറമെ വിത്തുകൾ, വളങ്ങൾ, വളർച്ചാ ത്വരകങ്ങൾ, സൂക്ഷ്മ മൂലക വളക്കൂട്ടുകൾ, കീടനിയന്ത്രണത്തിനായുള്ള കെണികൾ എന്നിവ കെ.വി.കെ യിൽ ലഭ്യമാണ്. ഇത്തരം പ്രവർത്തനങ്ങൾക്കു പുറമെ കേരളത്തിന്റെ അഭിമാനമായ ജൈവ-ചെമ്മീൻ-നെൽ കൃഷിയായ പൊക്കാളി പുനരുജ്ജീവിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും വേണ്ടി കെ.വി.കെ.യുടെ നേതൃത്വത്തിൽ കൂടു മത്സ്യകൃഷി, യന്ത്രവത്കരണം, വിപണനം എന്നീ മേഖലകളിൽ വിവിധ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നുണ്ട്. ഔഷധ ഗുണമുള്ള ഇറച്ചിയും മുട്ടയും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി കെ.വി.കെ പ്രചരിപ്പിക്കുന്ന കടക്നാഥ് എന്നയിനം കോഴികളെ കൂടുതൽ വ്യാപകമായി പ്രചരിപ്പിക്കുവാനുള്ള പദ്ധതി എറണാകുളം ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. നല്ലയിനം കടക്നാഥ് കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്ന കെ.വി.കെ. യുടെ പദ്ധതിക്ക് സെൻട്രൽ പൗൾട്രി ഡെവലപ്പ്മെന്റ് ഓർഗനൈസേഷന്റെ പിന്തുണയുണ്ട്. കേരളത്തിൽ കാർഷിക മേഖലയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവത്കരണവും കെ.വി.കെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇതിലേക്കായി എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത നൂറ്റിയൻപതോളം വനിതകൾക്കായി പരിശീലനം നടത്തിക്കഴിഞ്ഞു. കർഷകർ തന്നെ കർഷകരെ പരിശീലിപ്പിക്കുന്നതിന് കൃഷിയിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുകയെന്ന ഒരു പുത്തൻ സംരംഭം കെ.വി.കെ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ *ഫാം ടു ഫ്ളാറ്റ് കൊറിഡോർ* എന്ന വിപണന പരിപാടി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് കെ.വി.കെ. ഇതിലൂടെ ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള ശുദ്ധമായ കാർഷിക വിഭവങ്ങൾ പട്ടണങ്ങളിലെ ഫ്ളാറ്റ് നിവാസികൾക്കും ലഭ്യമാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കെ.വി.കെ യുടെ മേൽപറഞ്ഞ കർഷക സൗഹൃദ പരിപാടികൾ ജനങ്ങളിലേക്കും ജനപ്രതിനിധികളിലേക്കും ഉദ്യോഗസ്ഥരിലേക്കും മറ്റും എത്തിക്കുക വഴി ഭാവിയിൽ കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് കൂട്ടായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ഈ വാർത്താപത്രിക സഹായകരമാകും എന്ന് വിശ്വസിക്കുന്നു.

(എ. ഗോപാലകൃഷ്ണൻ)
ഡയറക്ടർ


**പ്രസാധകൻ**
ഡോ. എ. ഗോപാലകൃഷ്ണൻ
ഡയറക്ടർ
ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*
എറണാകുളം നോർത്ത് പി.ഒ., പി.ബി. നം. 1603, കൊച്ചി 682 018

**എഡിറ്റിംഗ്**
ഡോ. ഷിനോജ് സുബ്രമണ്യൻ
പ്രോഗ്രാം കോ-ഓർഡിനേറ്റർ/
സീനിയർ സയിന്റിസ്റ്റ്
എറണാകുളം കെ.വി.കെ.

**തയ്യാറാക്കിയത്**
ഡോ. ഷിനോജ് സുബ്രമണ്യൻ
എഫ്. പുഷ്പരാജ് ആഞ്ചലോ
ഡോ. വികാസ് പി.എ.
റിൻസി കെ.ആർ.
എറണാകുളം കെ.വി.കെ.

# ആശംസകളോടെ...

ഡയറക്ടർ
സി.എം.എഫ്.ആർ.ഐ.

പ്രോഗ്രാം കോ-ഓർഡിനേറ്റർ/ സീനിയർ സയിന്റിസ്റ്റ്
എറണാകുളം കെ.വി.കെ.




നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്. ശില്പശാല ഉദ്ഘാടനം ചെയ്യുന്നു.

## ദക്ഷിണ മേഖലാ കെ.വി.കെകളുടെ വാർഷിക ശിൽപശാല സി.എം.എഫ്. ആർ.ഐ യിൽ നടന്നു.

തമിഴ്നാട്, കർണാടകം, കേരളം, ഗോവ, ലക്ഷദ്വീപ്, പുതുച്ചേരി എന്നിവിടങ്ങളിലെ 81-ഓളം കെ.വി.കെ.കളുടെ വാർഷിക ശിൽപശാല 2014 മേയ് 5 മുതൽ 8 വരെ സി.എം.എഫ്.ആർ. ഐ യിൽ നടന്നു. നാളികേരവികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐ.എ.എസ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ദേശീയ കാർഷിക ഗവേഷണ കൗൺസിൽ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. വെങ്കിട സുബ്രമണ്യൻ, സി.എം.എഫ്. ആർ.ഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ, കെ.വി.കെ ദക്ഷിണ മേഖലാ ഡയറക്ടർ ഡോ. ശ്രീനാഥ് ദീക്ഷിത് എന്നിവർ പങ്കെടുത്തു.

## വിത്തുകളുടെ രജിസ്ട്രേഷന് കെ.വി.കെയിൽ സഹായകേന്ദ്രം തുടങ്ങി




കർഷകർക്കും കർഷക സമൂഹങ്ങൾക്കും ആദിവാസി-ഗോത്ര വിഭാഗങ്ങൾക്കും അവർ തലമുറകളായി സംരക്ഷിച്ചു വരുന്ന വിത്തിനങ്ങൾ രജിസ്ട്രേഷൻ ചെയ്യാൻ സഹായിക്കുന്ന കേന്ദ്രം കെ.വി.കെ യിൽ പ്രവർത്തനമാരംഭിച്ചു. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സസ്യ ഇനങ്ങളുടേയും കർഷക അവകാശങ്ങളുടെയും സംരക്ഷണ അതോറിറ്റിയിലാണ് കെ.വി.കെ വഴി വിത്തുകൾ രജിസ്റ്റർ ചെയ്യുന്നത്. താൽപ്പര്യമുള്ളവർ 9400257798 എന്ന നമ്പറിൽ ബന്ധപ്പെടുക.

# പൊക്കാളി പാടങ്ങളിലെ യന്ത്രവത്കൃത നിലമൊരുക്കലിന് കെ.വി.കെ തുടക്കം കുറിച്ചു.




പൊക്കാളി പാടങ്ങളിലെ യന്ത്രവത്കൃത നിലമൊരുക്കൽ ശ്രീ. എസ്. ശർമ്മ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

പൊക്കാളി നിലങ്ങൾക്ക് അനുയോജ്യമായ, ചെളിയിൽ താഴ്ന്നു പോകാത്ത ഭാരം കുറഞ്ഞ മിനി ടില്ലറുകളുടെ പ്രവർത്തനം എടവനക്കാടിനടുത്ത് കെ.വി.കെ പ്രദർശിപ്പിച്ചു. 2014 ജൂൺ മാസം 3-ാം തീയതി നടന്ന പരിപാടി വൈപ്പിൻ എം. എൽ. എ. ശ്രീ. എസ്. ശർമ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കെ.വി.കെയിലെ പ്രോഗ്രാം കോ-ഓർഡിനേറ്ററും സീനിയർ സയന്റിസ്റ്റുമായ ഡോ. ഷിനോജ് സുബ്രമണ്യൻ യന്ത്രം കർഷകർക്ക് പരിചയപ്പെടുത്തി. ഒരാൾക്ക് കാലുകൾ ചെളിയിൽ താഴാതെ നടന്നു പോകുവാൻ തക്കവണ്ണം ഉണങ്ങിയ പാടങ്ങളിൽ 60 കി.ഗ്രാം. ഭാരമുള്ള; മിനി ടില്ലർ എന്ന് പരക്കെ അറിയപ്പെടുന്ന ഈ യന്ത്രം ഉപയോഗിക്കാവുന്നതാണ്. ഒരു ദിവസം ഒന്നര ഏക്കർ പാടം ഉഴുതുമറിക്കുവാൻ കഴിയുന്ന ഈ യന്ത്രം 15 തൊഴിലാളികൾക്ക് സമമാണ്. ഒരു മണിക്കൂർ ഉപയോഗിക്കുന്നതിന് ഒരു ലിറ്റർ പെട്രോൾ മാത്രമാണ് ചിലവ് വരുന്നത്.


# ഹ്രസ്വകാല മരച്ചീനി ഇനം - വെള്ളായണി ഹ്രസ്വ പ്രചരിപ്പിച്ചു




വെള്ളായണി ഹ്രസ്വയുടെ വിളവെടുപ്പുത്സവം ശ്രീ. സാജുപോൾ എം.എൽ.എ. നിർവ്വഹിക്കുന്നു.

കെ.വി.കെ.യുടെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ വെങ്ങോല, മുക്കുന്നൂർ പഞ്ചായത്തുകളിൽ ഹ്രസ്വകാല മരച്ചീനി ഇനമായ വെള്ളായണി ഹ്രസ്വയുടെ കൃഷി പ്രചരിപ്പിച്ചു. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത ഈ ഇനം വിളവെടുക്കുന്നതിന് 5-6 മാസങ്ങൾ മതിയാകും. നല്ല വേവും, രുചിയും വിപണന സാധ്യത ഏറെയുമുള്ള വെള്ളായണി ഹ്രസ്വയുടെ പ്രദർശന കൃഷി വിളവെടുപ്പുത്സവം 2014 ജൂൺ 3-ാം തീയതി വെങ്ങോലയിൽ വച്ച് പെരുമ്പാവൂർ എം. എൽ. എ ശ്രീ. സാജു പോൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി. മേൽ പറഞ്ഞ പ്രദേശങ്ങളിൽ ഹെക്ടറിന് 7.2 ടൺ എന്ന തോതിലാണ് വിളവു ലഭിച്ചത്.

2013-14 വർഷത്തെ കെ.വി.കെ. വാർത്താപത്രിക പുറത്തിറക്കുന്നു.




## 2013–14ലെ കെ.വി.കെ വാർത്താപത്രിക പുറത്തിറക്കി

സി.എം.എഫ്.ആർ.ഐ.യിൽ 2014 മേയ് 5-ാം തീയതി നടന്ന ചടങ്ങിൽ വച്ച് കെ.വി.കെ. യുടെ 2013-14 വർഷത്തെ വാർത്താപത്രികയുടെ പ്രകാശനം നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടി.കെ. ജോസ് ഐ.എ.എസ്, നിർവഹിച്ചു. സി. എം. എഫ്. ആർ. ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. വെങ്കിട സുബ്രമണ്യൻ, കെ.വി.കെ ദക്ഷിണ മേഖലാ ഡയറക്ടർ ഡോ. ശ്രീനാഥ് ദീക്ഷിത്ത്, എറണാകുളം കെ.വി.കെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഷിനോജ് സുബ്രമണ്യൻ എന്നിവർ സന്നിഹിതരായിരുന്നു.

## വനിതാ യന്ത്രവത്കൃത തൊഴിൽ സേനയുടെ രൂപീകരണത്തിന് കെ.വി.കെ – കുടുംബശ്രീ സംയുക്ത സംരംഭം.

കേരളത്തിലെ കാർഷിക രംഗം അഭിമുഖീകരിക്കുന്ന തൊഴിലാളിക്ഷാമത്തിന് ഒരു പരിഹാരമെന്നോണം വനിതാ കൂട്ടായ്മകൾ സംഘടിപ്പിച്ച് യന്ത്രവത്കൃത തൊഴിൽ സേനകൾ രൂപീകരിക്കുന്നതിലേക്കായി എറണാകുളം ജില്ലാ കുടുംബശ്രീ മിഷനും കെ.വി.കെയും സംയുക്തമായി ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും മൂന്നു ദിവസം വീതം നീണ്ടു നിന്ന പ്രായോഗിക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ സാമ്പത്തിക സഹായത്തോടെ നടത്തിയ പരിശീലന പരിപാടികളിൽ നൂറ്റിയൻപത് കുടുംബശ്രീ വനിതകൾക്ക് മിനി ടില്ലർ, വീഡ് കട്ടർ, എർത്ത് ഓഗർ, യന്ത്രവത്കൃത സ്പ്രേയറുകൾ, യന്ത്രവത്കൃത ഡസ്റ്റർ, മറ്റു സ്പ്രേയറുകൾ എന്നിവയുടെ ഉപയോഗത്തിലും റിപ്പയറിങ്ങിലും പരിശീലനം നൽകി. ഓഗസ്റ്റ് മുതൽ നവംബർ ആദ്യം വരെയുള്ള കാലയളവിലായിരുന്നു പരിശീലനം.




വനിതാ കൂട്ടായ്മകൾക്ക് യന്ത്രവത്കരണത്തിൽ പരിശീലനം നൽകുന്നു.




വിളവെടുപ്പുത്സവം ശ്രീ. സാജു പോൾ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

# ശുദ്ധജലാശയ മത്സ്യകൃഷിയിലെ സ്വയം തൊഴിൽ വിജയം

എറണാകുളം ജില്ലയിലെ പാണിയേലിയിൽ നിന്നുള്ള സമന്വയ പുരുഷ സ്വയം സഹായ സംഘം കെ.വി.കെയുടെ സാങ്കേതിക സഹായത്തോടെ നടത്തിയ ശുദ്ധജല മത്സ്യകൃഷി വൻ വിജയമായി. ഒരു ഏക്കർ പാറമടയിൽ നടത്തിയ കൃഷിയിൽ കട്ട്ള, റോഹു, മൃഗാൾ, പങ്കേഷ്യസ്, ഗ്രാസ് കാർപ്പ് എന്നീ ഇനങ്ങളിലുള്ള 4000 ത്തോളം മത്സ്യക്കുഞ്ഞുങ്ങളെയാണ് കൃഷിക്കായി ഉപയോഗിച്ചത്. ഒൻപത് മാസത്തെ കൃഷിയിൽ 3.9 കിലോഗ്രാം വരെയുള്ള മത്സ്യങ്ങൾ പിടിച്ചെടുക്കാനായി. വിളവെടുപ്പുത്സവം 2014 ഏപ്രിൽ 17-ാം തീയതി പെരുമ്പാവൂർ എം.എൽ.എ ശ്രീ. സാജുപോൾ ഉദ്ഘാടനം ചെയ്തു. കെ.വി.കെയിലെ മത്സ്യകൃഷി വിദഗ്ദൻ ഡോ. വികാസ് പി.എ. മുഖ്യപ്രഭാഷണം നടത്തി.




## കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിന്റെ ജൈവ കീടനാശിനി- നന്മ കർഷകർക്ക് ആശ്വാസമാകുന്നു.

കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്തതും എറണാകുളം ജില്ലയിൽ കെ.വി.കെ പ്രചരിപ്പിച്ചതുമായ ജൈവ കീടനാശിനി - നൻമ; വാഴ കർഷകർക്ക് ആശ്വാസമാകുന്നു. മരച്ചീനി ഇലകളിൽ നിന്നും വേർതിരിച്ചെടുക്കുന്ന ജൈവസംയുക്തം ഉപയോഗിച്ച് തയ്യാറാക്കുന്ന ഈ ജൈവ കീടനാശിനി വാഴയിലെ തണ്ടുതുരപ്പൻ വണ്ടിനെതിരെ വളരെ ഫലപ്രദമാണ്. കെ.വി.കെ. യിലൂടെ നന്മ വിപണനം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.



സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ കർഷക ശാസ്ത്രജ്ഞനനെ പൊന്നാടയണിച്ച് ആദരിക്കുന്നു.

## കർഷക ശാസ്ത്രജ്ഞനെ ആദരിച്ചു

സി.എം.എഫ്.ആർ.ഐ. യിൽ വച്ച് 2014 മേയ് 5-ാം തീയതി നടന്ന ചടങ്ങിൽ വച്ച് കർഷക ശാസ്ത്രജ്ഞനായ ശ്രീ. സച്ചിദാനന്ദൻ അടുവാശ്ശേരിയെ സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പൊന്നാടയണിയിച്ച് ആദരിച്ചു. ശ്രീ. സച്ചിദാനന്ദനെ എറണാകുളം ജില്ലയിൽ നിന്നുള്ള ഏറ്റവും മികച്ച കർഷക ശാസ്ത്രജ്ഞനായി കെ.വി.കെ തിരഞ്ഞെടുത്തിരുന്നു. അദ്ദേഹത്തിന്റെ ജാതിക്ക പൊട്ടിക്കുന്ന യന്ത്രമായിരുന്നു മികച്ച കണ്ടുപിടുത്തമായി കഴിഞ്ഞവർഷം കെ.വി.കെ തിരഞ്ഞെടുത്തത്. അദ്ദേഹത്തിന് കാർഷിക - അനുബന്ധ മേഖലകളിൽ മുപ്പത്തഞ്ചിലധികം കണ്ടുപിടുത്തങ്ങൾ ഉണ്ട്.

## "കൃഷിയിടത്തിലെ വിപണി"യ്ക്ക് - പൊക്കാളി നിലങ്ങളിൽ തുടക്കം

ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് വരുമാനവും ഉപഭോക്താക്കൾക്ക് ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനുവേണ്ടി "കൃഷിയിടത്തിലെ വിപണി" എന്ന സംരംഭം പൊക്കാളി പാടങ്ങളിൽ കെ. വി. കെ തുടങ്ങിവച്ചു. ജൈവ രീതിയിൽ വളർത്തിയെടുത്ത കരിമീനും തിരുതയും ആണ് വിപണനത്തിനെത്തിയത്. 2014 ഏപ്രിൽ 19 ന് നായരമ്പലത്തിനടുത്ത് കാപ്പ് പാടശേഖരത്തിൽ വിപണിയുടെ ഉദ്ഘാടനം ശ്രീ. എസ്. ശർമ എം.എൽ.എ യും കുമ്പളങ്ങിക്കടുത്ത് ആഞ്ഞിലിത്തറ പാടശേഖരത്ത് ഉദ്ഘാടനം ഗ്രാമപഞ്ചായത്ത്പ്രസിഡന്റ് ശ്രീമതി.സൂസൻജോസഫും നിർവ്വഹിച്ചു. സി.എം.എഫ്.ആർ.ഐയിലെ ശാസ്ത്രജ്ഞൻ ഡോ. പി.യു. സക്കറിയ, കെ.വി.കെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഷിനോജ് സുബ്രമണ്യൻ, മത്സ്യകൃഷി വിദഗ്ദൻ ഡോ. വികാസ് പി.എ. എന്നിവർ സന്നിഹിതരായിരുന്നു. നൂറുകണക്കിന് മത്സ്യ പ്രേമികളാണ് പൊക്കാളി നിലങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്നതു കാണുവാനും വാങ്ങുന്നതിനും എത്തിയത്. കാലാവസ്ഥാതിജീവന കൃഷിരീതികളുടെ ദേശീയ സംരഭത്തിന്റെ (NICRA) സാമ്പത്തിക സഹായത്തോടെ നടത്തിയ ഈ പരിപാടിയിലൂടെ വരും വർഷങ്ങളിൽ പൊക്കാളി ഉത്പന്നങ്ങൾക്ക് പ്രത്യേക ബ്രാൻഡും വിപണിയും ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ് കെ.വി.കെ ലക്ഷ്യമിടുന്നത്.

നായരമ്പലത്തിനടുത്ത് കാപ്പ് പൊക്കാളി പാടശേഖരത്ത് കൃഷിയിടത്തിലെ വിപണി ഉദ്ഘാടനം ശ്രീ. എസ്. ശർമ്മ എം.എൽ.എ. നിർവ്വഹിക്കുന്നു.





നാളികേര വികസന ബോർഡ് ചെയർമാനും ബോർഡ് ഉദ്യോഗസ്ഥരുമായി യുവ ശാസ്ത്രജ്ഞർ സംവദിക്കുന്നു.



സി.എം.എഫ്.ആർ.ഐ.യുടെ ഗവേഷണ നൗകയായ സിൽവർ പൊമ്പാനോയിൽ യുവശാസ്ത്രജ്ഞർ

# യുവ കാർഷിക ശാസ്ത്രജ്ഞർക്ക് കെ.വി.കെ.യിൽ 21 ദിവസത്തെ പരിശീലനം നൽകി

ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഗവേഷണ സർവ്വീസിൽ പുതുതായി ചേർന്ന ശാസ്ത്രജ്ഞർക്ക് കെ.വി.കെ. യിൽ 21 ദിവസത്തെ പരിശീലനം നൽകി. ഹൈദരാബാദിലെ ദേശീയ കാർഷിക ഗവേഷണ അക്കാദമിയിൽ നിന്നുമാണ് ശാസ്ത്രജ്ഞർ പരിശീലനത്തിനെത്തിയത്. 2014 ഓഗസ്റ്റ് 19 മുതൽ സെപ്റ്റംബർ 8 വരെ നടന്ന പരിശീലന പരിപാടി കെ.വി.കെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഷിനോജ് സുബ്രമണ്യൻ ഉദ്ഘാടനം ചെയ്തു. എറണാകുളത്തിനടുത്ത് കുമ്പളങ്ങിയിലായിരുന്നു പ്രവർത്തനപരിചയ പരിശീലനം സംഘടിപ്പിച്ചത്. കർഷകർ, കൃഷി ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങി കാർഷിക രംഗത്ത് പ്രവർത്തിക്കുന്നവരുമായി ഏതാണ്ട് ഒരാഴ്ചയിലധികം സംവദിക്കാൻ അവസരം ലഭിച്ച ശാസ്ത്രജ്ഞർ കുമ്പളങ്ങിയുടെ സമഗ്ര കാർഷിക വികസനത്തിന് ഉതകുന്ന ഒരു രൂപരേഖ തയ്യാറാക്കി നൽകുകയുണ്ടായി. തുടർന്ന് മത്സ്യ മൂല്യ ശൃഖംലയെക്കുറിച്ച് പഠിക്കുന്നതിന് ഹാർബറുകൾ, മാർക്കറ്റുകൾ, സംസ്കരണ ശാലകൾ, കയറ്റുമതി സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുകയുണ്ടായി. നാളികേര വികസന ബോർഡിലെ ഉദ്യോഗസ്ഥരുമായും നാളികേര കർഷക കമ്പനിയിലെ ഭാരവാഹികളുമായും വിവിധ കാർഷിക ഗവേഷകരുമായും സംവദിക്കുവാനും കൂടുമത്സ്യകൃഷി, അക്വാപോണിക്സ്, തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടാനും അതോടൊപ്പം സി.എം.എഫ്.ആർ.ഐയുടെ ഗവേഷണ നൗകയായ സിൽവർ പൊമ്പാനൊയിൽ ഗവേഷണപ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കാനും അവർക്കു കഴിഞ്ഞു.

## കടക്നാഥ് (കരിങ്കോഴി) എറണാകുളം ജില്ലയിൽ പ്രചരിപ്പിക്കുന്നതിന് കേന്ദ്ര പൗൾട്രി വികസന ഏജൻസിയുമായി കെ.വി.കെ. സഹകരിക്കുന്നു.




മുംബൈ ആസ്ഥാനമാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൗൾട്രി വികസന ഏജൻസിയുമായി സഹകരിച്ച് കടക്നാഥ് (കരിങ്കോഴി) ജില്ലയിൽ പ്രചരിപ്പിക്കാനുള്ള പരിപാടിക്ക് കെ.വി.കെ തുടക്കം കുറിച്ചു. ഏജൻസി നൽകുന്ന ഗുണനിലവാരമുള്ള മുട്ടകൾ കെ.വി.കെയുടെ ഉപഗ്രഹ യൂണിറ്റുകളിൽ വിരിയിച്ച് രണ്ടുമാസം പ്രായമായ കുഞ്ഞുങ്ങളെ കർഷകർക്ക് ന്യായവിലക്ക് ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മധ്യപ്രദേശിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്കിടയിൽ പ്രചാരമുള്ള കരിങ്കോഴി ഔഷധഗുണമുള്ള മാംസത്തിനും മുട്ടയ്ക്കും പേരു കേട്ടതാണ്.

# കെ.വി.കെയുടെ ഉത്പന്നങ്ങൾ

ജൈവ/സുരക്ഷിത കൃഷിക്ക് ഉതകുന്ന ചില ഉത്പന്നങ്ങൾ കെ.വി.കെ നിർമിച്ചു വിതരണം ചെയ്തു വരുന്നു. ഇവ കൊച്ചിയിൽ ഹൈക്കോടതി ജംഗ്ഷനു സമീപം ഗോശ്രീ റോഡിലുള്ള കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വില്പന കേന്ദ്രത്തിൽ നിന്നും എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 4 മണി വരെ ലഭിക്കുന്നതാണ്.








കെ.വി.കെ. പുതുതായി പുറത്തിറക്കിയ ഉൽപ്പന്നങ്ങൾ: പുകയില കഷായം കിറ്റ്, ബനാന ടോപ് അപ്പ്, ഫിറമോൺ കെണി

**വിലവിവര പട്ടിക**

| ക്രമ നം. | ഉത്പന്നം | വിവരണം | അളവ് | വില* |
|---|---|---|---|---|
| 1 | അമിനോപ്ലസ് | കടൽ മത്സ്യങ്ങളിൽ നിന്നും വേർതിരിച്ചെടുക്കുന്ന ഫിഷ് അമിനോ ആസിഡ് ജൈവ വളർച്ച ത്വരകമായും കീടനാശിനിയായും ഹോർമോൺ ആയും ഉപയോഗിക്കാവുന്നതാണ്. | 200 മില്ലി<br>1 ലിറ്റർ | 40/-<br>180/ |
| 2 | ഓർഗാനോ എക്സൽ | വേപ്പിൻ പിണ്ണാക്കും കടല പിണ്ണാക്കും ചേർത്തുണ്ടാക്കുന്ന ജൈവ വളക്കൂട്ടാണ് ഓർഗാനോ എക്സൽ. | 1 കി. ഗ്രാം | 60/- |
| 3 | പഞ്ചഗവ്യം | വനപ്രദേശങ്ങളിൽ മാത്രം മേയാൻ വിടുന്ന നാടൻ പശുക്കളിൽ നിന്നും തയ്യാറാക്കുന്നതാണ് കെ.വി.കെ യുടെ പഞ്ചഗവ്യം. ജൈവ വളർച്ചാത്വരകമായും കീടനാശിനിയായും ഹോർമോൺ ആയും ഉപയോഗിക്കാവുന്നതാണ്. | 200 മില്ലി<br>1 ലിറ്റർ | 40/-<br>180/- |
| 4 | നീം-ഡി-പെസ്റ്റ് | വെള്ളത്തിൽ കലക്കി ചെടികളിൽ നേരിട്ട് തളിക്കുവാൻ വേണ്ടി തയ്യാറാക്കിയിട്ടുള്ള ജൈവകീടനാശിനിയാണിത്. | 250 ഗ്രാം<br>500 ഗ്രാം | 60/-<br>110/- |
| 5 | വേപ്പെണ്ണ | തമിഴ്നാട്ടിലെ ഗ്രാമങ്ങളിൽ നിന്നും ശേഖരിക്കുന്ന ആര്യവേപ്പിൻ കുരുവിൽ നിന്നും തയ്യാറാക്കുന്ന എണ്ണയാണ് ഇത്. നല്ലൊരു ജൈവ കീട നിയന്ത്രണ ഉപാധിയാണ്. | 100 മില്ലി<br>200 മില്ലി<br>1 ലിറ്റർ | 30/-<br>50/-<br>220/- |
| 6 | വേപ്പിൻ പിണ്ണാക്ക് | വേപ്പെണ്ണ ആട്ടിയെടുക്കുമ്പോൾ ബാക്കി വരുന്ന പിണ്ണാക്ക്. നല്ലൊരു ജൈവ വളമാണിത്. | 1 കി. ഗ്രാം | 30/- |
| 7 | പുകയില കഷായം കിറ്റ് | ജൈവകീടനാശിനിയായ പുകയില കഷായം തയ്യാറാക്കുന്നതിന ാവശ്യമായ ഗുണമേന്മയുള്ള പുകയിലയും സോപ്പും അടങ്ങിയ കിറ്റാണിത്. | ഒന്നിന് | 40/- |
| 8 | പഴക്കെണി | കായീച്ചകളെ ആകർഷിച്ച് നശിപ്പിക്കുന്ന ലളിതമായ കെണിയാണിത്. | ഒന്നിന് | 30/- |
| 9 | ഫിറമോൺ കെണി (പച്ചക്കറികൾക്ക്) | പച്ചക്കറികളിലെ കായീച്ചകളെ ഫിറമോൺ മണത്താൽ ആകർഷിച്ച് കെണിയിലകപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് ഇത്. | ഒന്നിന് | 140/- |
| 10 | ഫിറമോൺ കെണി (മാവിന്) | മാമ്പഴത്തെ ആക്രമിക്കുന്ന പഴ ഈച്ചകളെ ഫിറമോൺ മണത്താൽ ആകർഷിച്ച് കെണിയിലകപ്പെടുത്തുന്നതിനുള്ള സംവിധാനമാണിത്. | ഒന്നിന് | 140/- |
| 11 | വെജിറ്റബിൾ ടോപ്പപ്പ് | പച്ചക്കറി ഇലകളിൽ തളിച്ച് കൊടുക്കാവുന്ന സൂക്ഷ്മ മൂലക വളക്കൂട്ട്. | 500 ഗ്രാം | 75/- |
| 12 | ബനാന ടോപ്പപ്പ് | വാഴയുടെ ഇലകളിൽ തളിച്ച് കൊടുക്കാവുന്ന സൂക്ഷ്മ മൂലക വളക്കൂട്ട്. | 500 ഗ്രാം | 75/- |
| 13 | പച്ചക്കറി വിത്തുകൾ | | | 10/- മുതൽ<br>25/- വരെ |

* വില മാറ്റത്തിന് വിധേയമാണ്.

**വിജയഗാഥ**



കെ.വി.കെ.യുടെ ഉപഗ്രഹ മത്സ്യ വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്നും മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ശ്രീ. ജോസഫ് തകടിയേൽ

## കെ.വി.കെ. യുടെ ഉപഗ്രഹ മത്സ്യ വിത്തുത്പാദന യൂണിറ്റിൽ നിന്ന് കർഷകന് അധിക വരുമാനം

കോതമംഗലത്ത് നിന്നുള്ള ശ്രീ. തകടിയേൽ ജോസഫിന് കെ.വി.കെയുടെ ഉപഗ്രഹ മത്സ്യ വിത്തുത്പാദന യൂണിറ്റ് നടത്തുന്നതിലൂടെ വർഷം ഒന്നര ലക്ഷം രൂപയോളം അധിക വരുമാനം. ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ ഭുവനേശ്വറിൽ പ്രവർത്തിക്കുന്ന കേന്ദ്ര ശുദ്ധ ജല മത്സ്യകൃഷി ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്ത കൊണ്ടുനടക്കാവുന്ന ഹാച്ചറി യൂണിറ്റ് ഉപയോഗിച്ചാണ് ഇവിടെ വിത്തുത്പാദനം നടത്തുന്നത്.



## കെ.വി.കെ എക്സിബിഷനിൽ പങ്കെടുത്തു.

എറണാകുളത്തിനടുത്ത് കുന്നുകരയിലുള്ള എം.ഇ.എസ് എഞ്ചിനീയറിങ്ങ് കോളേജിൽ സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു നടത്തിയ മൂന്നു ദിവസത്തെ കാർഷിക എക്സിബിഷനിൽ കെ.വി.കെ പങ്കെടുത്തു. 2014 സെപ്റ്റംബർ 17 മുതൽ 19 വരെയായിരുന്നു പരിപാടി.

# വിദ്യാർത്ഥികൾക്കായുള്ള പരിപാടികൾ



കൂടുമത്സ്യകൃഷിയിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾ

സ്കൂൾ വിദ്യാർത്ഥികളെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്ന കെ.വി.കെയുടെ പരിപാടിയുടെ ഭാഗമായി തൃശ്ശൂർ കയ്പമംഗലം ഗവ. ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് മത്സ്യ കൃഷിയിൽ ഏക ദിന പരിശീലനം നൽകുകയുണ്ടായി. 2014 സെപ്റ്റംബർ 24 ന് നടന്ന പരിശീലനത്തിൽ കൂടു മത്സ്യ കൃഷിയുടെ സാധ്യതകൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി.

## കെ.വി.കെ കൃഷിയിട പരിശീലന കേന്ദ്രങ്ങൾ തുടങ്ങി



കെ.വി.കെ.യുടെ കർഷക പരിശീലകൻ ശ്രീ. എ.ആർ. ശ്രീകുമാർ കൃഷിയിട പരിശീലന കേന്ദ്രത്തിൽ

### കൂൺ കൃഷി

എറണാകുളം ജില്ലയിലെ കൂവപ്പടിയിൽ കെ.വി.കെയുടെ കൂൺ കൃഷി പരിശീലന കേന്ദ്രം ആരംഭിച്ചു. കെ.വി. കെയുടെ തന്നെ കൂൺ പരിശീലന പരിപാടിയിലൂടെ വിജയകരമായി കൂൺ കൃഷിയും വിപണനവും നടത്തുന്ന ശ്രീ. എ. ആർ. ശ്രീകുമാറാണ് ഇവിടുത്തെ പ്രധാന പരിശീലകൻ. കൂൺ വിത്തുത്പാദന യൂണിറ്റും കൂൺ ഉത്പാദന യൂണിറ്റുമുള്ള ഈ കേന്ദ്രത്തിൽ സമഗ്രമായ പരിശീലനം ലഭിക്കുന്നതോടൊപ്പം കൂൺ വിത്തുകളും വിപണന പാഠങ്ങളും പഠിച്ചാണ് ഓരോരുത്തരും പരിശീലനം പൂർത്തിയാക്കുന്നത്.

### മഴമറകൃഷി

കേരളത്തിൽ മഴക്കാലത്തും പച്ചക്കറി ഉത്പാദനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബകൃഷിക്കാരെ പരിശീലിപ്പിക്കുന്നതിനാണ് കൊച്ചിയിൽ എളമക്കര ശ്രീ. ഷാബി മോഹന്റെ കൃഷിയിടത്തിൽ കെ.വി.കെ യുടെ മഴമറകൃഷി പരിശീലന കേന്ദ്രം ആരംഭിച്ചത്. കേന്ദ്രത്തിലെ ഒരു സെന്റ് വലിപ്പമുള്ള മഴമറയ്ക്കുള്ളിൽ ബാഗുകളിൽ പച്ചക്കറികൾക്ക് ഓട്ടോമാറ്റിക് ജലസേചന യൂണിറ്റാണ് ഘടിപ്പിച്ചിരിക്കുന്നത്.




കെ.വി.കെ.യുടെ കർഷക പരിശീലകൻ ശ്രീ. ഷാബി മോഹൻ കൃഷിയിട പരിശീലന കേന്ദ്രത്തിൽ

## സ്പോൺസേർഡ് പരിശീലന പരിപാടികൾ

**സ്ഥാപനങ്ങൾക്ക് ഗ്രൂപ്പുകളെ സ്പോൺസർ ചെയ്യാവുന്നതാണ്.**

### കേജ് ടെക്നീഷ്യൻ കോഴ്സ്

വളരെയധികം സാധ്യതകളുള്ള ഒരു സംരംഭമാണ് കൂടുമത്സ്യകൃഷി. എന്നാൽ മത്സ്യക്കൂടുകളുടെ നിർമാണം, ജലാശയങ്ങളിൽ അവ ശരിയായ രീതിയിൽ സ്ഥാപിക്കൽ,അറ്റകുറ്റപ്പണികൾചെയ്യൽ തീറ്റയുടെയും കുഞ്ഞുങ്ങളുടെയും വിതരണം എന്നിവയ്ക്ക് പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ദർ ലഭ്യമല്ല എന്നതാണ് സത്യം. ഈ മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.വി.കെ യിൽ കേജ് ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുന്നത്. 4 ദിവസം നീണ്ടുനിൽക്കുന്ന ഈ കോഴ്സിന് 10 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 20,000/- രൂപയാണ് ഫീസ്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് കെ.വി.കെ യിൽ നിന്നും സൗജന്യ സാങ്കേതിക പിന്തുണ തുടർന്നും ലഭിക്കുന്നതാണ്.

### കരഭൂമികളിൽ ഉപയോഗിക്കാവുന്ന കൃഷിയന്ത്രങ്ങളിൽ പരിശീലനം

കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് യന്ത്രവത്കരണമാണ് ഏക പോംവഴി. യന്ത്രവത്കൃത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കരഭൂമികളിൽ ഉപയോഗിക്കാവുന്ന മിനി ടില്ലർ, ബ്രഷ് കട്ടർ, എർത്ത് ഓഗർ, മിസ്റ്റ് ബ്ലോവർ, പവർ ഡസ്റ്റർ, വിവിധതരം സ്പ്രേയറുകൾ എന്നിവയുടെ ഉപയോഗവും റിപ്പയറും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടി കെ.വി.കെയിൽ ലഭ്യമാണ്. കൃഷിയിടങ്ങളിൽ തന്നെ വച്ചുള്ള നാലു ദിവസത്തെ പരിശീലന പരിപാടിക്ക് 10 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 20,000 രൂപയാണ് ഫീസ്. സ്പോൺസർ ചെയ്യുന്ന സ്ഥാപനത്തിന്റെ സൗകര്യമനുസരിച്ച് ജില്ലയിൽ എവിടെ വേണമെങ്കിലും പരിശീലനം സംഘടിപ്പിക്കാവുന്നതാണ്.

## ലേഖനങ്ങൾ

വികാസ് പി. എ. & എഫ്. പുഷ്പരാജ് ആഞ്ചലോ 2014, "കുളങ്ങളിലെ അലങ്കാര മത്സ്യകൃഷി" കേരളകർഷകൻ, ജൂൺ 2014.

## റേഡിയോപരിപാടികൾ

1. "പൊക്കാളി നെൽ - മത്സ്യ സംയോജിത കൃഷിരീതി" എന്ന വിഷയത്തിൽ കെ.വി.കെയിലെ സാങ്കേതിക വിദഗ്ദൻ ഡോ. വികാസ് പി.എ.യുടെ പ്രഭാഷണം 2014 ഏപ്രിൽ 11 ന് കൊച്ചി എഫ്.എം പ്രക്ഷേപണം ചെയ്തു.
2. "സവാള കൃഷിയുടെ സാധ്യതകൾ" എന്ന വിഷയത്തിൽ ഉദ്യാന കൃഷി സാങ്കേതിക വിദഗ്ദൻ ശ്രീ. ഷോജി ജോയ് എഡിസൺന്റെ പ്രഭാഷണം 2014 ഏപ്രിൽ 7ന് കൊച്ചി എഫ്.എം പ്രക്ഷേപണം ചെയ്തു.
3. സി.എം.എഫ്.ആർ.ഐ യിൽ നടന്ന ദക്ഷിണേന്ത്യൻ കെ.വി.കെ കളുടെ ശില്പശാലയെക്കുറിച്ചുള്ള ഡോ. ഷിനോജ് സുബ്രമണ്യന്റെ വിവരണം 2014 മേയ് 19 ന് കൊച്ചി എഫ്.എം പ്രക്ഷേപണം ചെയ്തു.
4. കരിമീൻ കൃഷിയുടെ സാധ്യതകളെക്കുറിച്ച് മത്സ്യകൃഷി വിദഗ്ധൻ ഡോ. വികാസ് പി.എ നടത്തിയ പ്രഭാഷണം കൊച്ചി എഫ്.എം 2014 സെപ്റ്റംബർ 29 ന് പ്രക്ഷേപണം ചെയ്തു.

## വിവിധ പരിപാടികളിൽ കെ.വി.കെ യുടെ പങ്കാളിത്തം

1. ഡോ. ഷിനോജ് സുബ്രമണ്യൻ, ശ്രീമതി. പി. ശ്രീലത, ശ്രീ. എഫ് പുഷ്പരാജ് ആഞ്ചലോ, ശ്രീ ഷോജി ജോയ് എഡിസൻ, ഡോ. വിജേന്ദ്രകുമാർ മീണ, ഡോ. വികാസ് പി.എ എന്നിവർ 2014 മേയ് 26-28 തീയതികളിൽ സുൽത്താൻ ബത്തേരിയിൽ വച്ചു നടന്ന കുടുംബകൃഷിയെക്കുറിച്ചുള്ള കേരളത്തിലെ കെ.വി.കെ കളുടെ സംയുക്ത ശില്പശാലയിൽ പങ്കെടുത്തു.
2. ശ്രീ. എഫ്. പുഷ്പരാജ് ആഞ്ചലോ ഹൈദരബാദിലെ ദേശീയ കാർഷിക ഗവേഷണ മാനേജ്മെന്റ് അക്കാദമിയിൽ വച്ച് 2014 ജൂൺ 9 മുതൽ 11 വരെ നടന്ന മൂന്നു ദിവസത്തെ മാനവശേഷി വികസന പരിശീലന പരിപാടിയിൽ പങ്കെടുത്തു.
3. ഡോ. ഷിനോജ് സുബ്രമണ്യൻ, ശ്രീ. ഷോജി ജോയ് എഡിസൻ, ശ്രീ. എഫ്. പുഷ്പരാജ് ആഞ്ചലോ എന്നിവർ 2014 ജൂൺ 20 ന് തൃശ്ശൂർ കേരളകാർഷിക സർവ്വകലാശാലയിൽ വച്ച് നടന്ന കേരളത്തിലെ കെ.വി.കെ കളുടെ സംയുക്ത സംരഭങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ശില്പശാലയിൽ പങ്കെടുത്തു.
4. ഡോ. വികാസ് പി.എ. ദേശീയ കാർഷിക ഗവേഷണസ്ഥാപനത്തിനു കീഴിൽ പ്രവർത്തിക്കുന്ന ചെന്നൈയിലെ കേന്ദ്ര ഓരുജല മത്സ്യകൃഷി ഗവേഷണ സ്ഥാപനത്തിൽ വച്ച് 2014 ജൂലൈ 3 മുതൽ 5 വരെ നടന്ന ത്രിദിന പരിശീലന പരിപാടിയിൽ പങ്കെടുത്തു.
5. ഡോ. വികാസ് പി.എ. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2014 ജൂലൈ 10 ന് നടന്ന ദേശീയ മത്സ്യ കർഷക ദിനാഘോഷ പരിപാടികളിൽ പങ്കെടുക്കുകയും ഭാരതത്തിലെ മത്സ്യ കൃഷി : സാധ്യതകൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയും ചെയ്തു.

## കെ.വി.കെയുടെ 2014-15 വർഷത്തെ കർഷക പങ്കാളിത്ത പദ്ധതികൾ

| ക്ര. നം. | പരിപാടി | സ്ഥലം | കർഷകന്റെ പേര് | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | ഐ.ഐ.എസ്.ആർ വരദ ഇഞ്ചിയുടെ വിത്തുല്പാദന സാങ്കേതിക വിദ്യയുടെ പ്രദർശനം. | വേങ്ങൂർ<br>കാലടി<br>മുക്കന്നൂർ | മിനി വിജയൻ<br>വർഗ്ഗീസ് വി.പി<br>അഗസ്റ്റിൻ സി. തയ്യൻ | 9961803136<br>9947844782<br>9400400522 |
| 2 | എസ്.ആർ.ഐ രീതിയിലുള്ള നെൽകൃഷിയുടെ പ്രദർശനം | വെങ്ങോല | എം. പി. കറിയാച്ചൻ<br>കെ.കെ സുരേഷ്<br>കെ.എൻ. രാമകൃഷ്ണൻ | 9947355054<br>9447063304<br>8547124652 |
| 3 | വെള്ളരി വർഗ്ഗ പച്ചക്കറികളിലെ കീട-രോഗ നിയന്ത്രണത്തിന് ബിവേറിയ ബാസിയാനയുടേയും സ്യൂഡോമോണസിന്റെയും സാധ്യതകൾ-പ്രദർശനം | മഞ്ഞപ്ര | എം. പി. വർഗ്ഗീസ്<br>എം. പി. ചെറിയാച്ചൻ<br>എ. പി. വർക്കി | 9605855421<br>9947063304<br>8547124652 |
| 4 | ഞവര നെൽകൃഷിയുടെ പ്രദർശനം | മഞ്ഞപ്ര<br>കരുമാലൂർ<br>ആയൂർ | എം. പി. വർഗീസ്<br>കെ. വി. സുദർശൻ<br>വർഗീസ് മാത്യു | 9605855421<br>9947355054<br>9947994681 |
| 5 | നെൽ പാടങ്ങളോടു ചേർന്ന കുളങ്ങളിൽ തദ്ദേശീയ മത്സ്യമായ വരാൽ വളർത്തൽ-പ്രദർശനം | കോതമംഗലം<br>അമ്പലമേട് | സോജൻ വി.<br>രാഹുൽ എസ്. | 9946456716<br>8129214004 |
| 6 | ശുദ്ധജലാശയങ്ങളിലെ കൂടു മത്സ്യകൃഷി പ്രദർശനം | കറുകുറ്റി<br>പുത്തൻ കുരിശ് | ഫാ. ജേക്കബ് മുളവരിക്കൽ<br>ശ്രീകുമാർ സി. ലാൽ | 9447662600<br>9961730550 |
| 7 | സംയോജിത നെൽകൃഷിയുടെ പ്രദർശനം | കോടനാട് | കെ. പി. ഗോപൻ | 9446139062 |
| 8 | നേന്ത്രൻവാഴയിലെ കൃത്യതാ കൃഷിരീതിയുടെ പ്രദർശനം | ചേന്ദമംഗലം | പി.വി.ശിവൻ | 9495842482 |
| 9 | ട്രൈക്കോഡർമ്മയും സ്യൂഡോമൊണാസും ഉപയോഗിച്ച് ജാതിയിലെ രോഗ നിയന്ത്രണം - കൃഷിയിട പരീക്ഷണം | മൂക്കന്നൂർ | പി. എം. ജോമോൻ<br>ജി. കെ. ജോസ്<br>എം. എ. പൗലോസ് | 9846204565<br>9946763085<br>9847391397 |
| 10 | സങ്കരയിനം പപ്പായ ഇനങ്ങളുടെ ഉദ്പാദനശേഷി-താരതമ്യ പഠനം | മൂക്കന്നൂർ<br>കരുമാലൂർ | സനു തോമസ്<br>കെ.വി സുദർശൻ | 9847533670<br>9447913173 |
| 11 | കടൽ മത്സ്യമായ സിൽവർ പൊമ്പാനൊയുടെ ഓരു ജലത്തിലെ കൃഷി - ഒരു സാധ്യതാ പഠനം | കടമക്കുടി | മുരളി പി. ആർ | 9496975998 |
| 12 | പൊക്കാളി നെൽപാടങ്ങളിൽ നിലമൊരുക്കുന്നതിനായി ഭാരം കുറഞ്ഞ ടില്ലറുകളുടേയും ട്രാക്ടറുകളുടേയും ഉപയോഗം - ഒരു സാധ്യതാ പഠനം | എടവനക്കാട് | പുഷ്പാംഗതൻ | 9497457183 |
| 13 | കർഷക വയൽ വിദ്യാലയം- ഗുണമേന്മയുള്ള പച്ചക്കറി തൈ ഉത്പാദനം | പള്ളുരുത്തി | കൊത്തലങ്കോ ബ്രദേഴ്സ് | 8281212696 |
| 14 | സംയോജിത കൃഷി പ്രദർശനം | കുമ്പളങ്ങി<br>പുതുവൈപ്പ്<br>കുന്നുകര | സി.വി. ഷിബു<br>വി. എസ്. രാജേഷ്<br>ടി. എസ്. ജോസഫ് | 9496090363<br>9961800144<br>9745759764 |
| 15 | മത്സ്യ ഉത്പന്നങ്ങളുടെ നിർമാണത്തിൽ സംരംഭകത്വ വികസന പരിപാടി | ഞാറക്കൽ | രഞ്ജിനി ശിവദാസൻ | 9605602550 |
| 16 | ഗ്രോബാഗുകളും ഫ്ളാറ്റ് ബാഗുകളും തമ്മിലുള്ള താരതമ്യപഠനം പച്ചക്കറി ഉത്പാദനത്തിൽ | പാടിവട്ടം<br>ഓച്ചന്തുരത്ത്<br>പുതുവൈപ്പ് | ജയകുമാർ<br>അതുൽ പി.ബി.<br>മേരി ജേക്കബ് | 9995642852<br>9447461566<br>9249394356 |
| 17 | ജാതികൃഷിയിലെ സംയോജിത രോഗ-കീട നിയന്ത്രണവും പോഷക ക്രമീകരണവും - പ്രദർശനം | മറ്റൂർ<br>പിറവൂർ<br>(കാലടി) | കെ.സി. ബാബു<br>ജിജി ജോർജ്ജ്<br>ജോർജ് കെ. എസ്<br>ഇട്ടിയേര കെ. പി | 9947855101<br>9495566284<br>9497202296<br>9037394912 |
| 18 | തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി പച്ചക്കറികളിൽ-പരീക്ഷണം | കോടനാട്<br>പാണംകുഴി | പി.വി സഖറിയ<br>ആന്റോ പോൾ | 9847314798<br>9447421616 |
| 19 | കൃഷിയിട കൂൺകൃഷി പരിശീലന കേന്ദ്രം | കൂവപ്പടി | എ. ആർ. ശ്രീകുമാർ | 8089237005 |
| 20 | കൃഷിയിട മഴമറകൃഷി പരിശീലന കേന്ദ്രം | എളമക്കര | ഷാബി മോഹൻ | 9744690999 |
| 21 | ഉപഗ്രഹ മത്സ്യ വിത്തുത്പാദന കേന്ദ്രം | കോതമംഗലം | ജോസഫ് തകടിയിൽ | 9446687191 |
| 22 | ഉപഗ്രഹ മുയൽ കുഞ്ഞുത്പാദന കേന്ദ്രം | കളമശ്ശേരി<br>പിറവം | സണ്ണിപീറ്റർ<br>സുരേന്ദ്രൻ | 9809999941<br>9388067277 |

## കെ.വി.കെ യുടെ കർഷക പങ്കാളിത്ത പരിപാടികൾ ചിത്രങ്ങളിലൂടെ



സാങ്കേതിക സഹായം കർഷകരുടെ പടിവാതിൽക്കൽ: കെ.വി.കെ.യിലെ സാങ്കേതിക വിദഗ്ധർ കൃഷിയിടങ്ങൾ സന്ദർശിക്കുന്നു.



കെ.വി.കെ.യുടെ വരാൽ കൃഷി പ്രദർശനം കോതമംഗലത്ത്



യന്ത്രവത്കൃത ഞാറുനടീലിന് പായ ഞാറ്റാടി തയ്യാറാക്കുന്നു: കോടനാട്ടുള്ള കെ.വി.കെ.യുടെ സംയോജിത നെൽകൃഷി പരിപാലന പ്രദർശന പാടത്തുനിന്ന്



ചേർത്തലയിലുള്ള കെ.വി.കെ.യുടെ ഉപഗൃഹ പോട്ടിംഗ് മിശ്രിത നിർമ്മാണ യൂണിറ്റിൽ നിന്നും

## പ്രമോഷൻ



**ശ്രീമതി. പി. ശ്രീലത**

അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ ഓഫീസർ (എസ്. എം. എസ് - ഹോംസയൻസ്), ചീഫ് ടെക്നിക്കൽ ഓഫീസറായി 03.02.2013 മുതൽ സ്ഥാനക്കയറ്റം ലഭിച്ചു.



**ശ്രീ. ബി. സുരേഷ്കുമാർ**

സീനിയർ ടെക്നിക്കൽ ഓഫീസർ (ഫാം മാനേജർ) അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ ഓഫീസറായി 23.11.2012 മുതൽ സ്ഥാനക്കയറ്റം ലഭിച്ചു.

# കെ.വി.കെ ടീം

| ക്ര. നം. | പേര് | ഉദ്യോഗപ്പേര് | വൈദഗ്ധ്യമുള്ളമേഖല | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | ഡോ. ഷിനോജ് സുബ്രമണ്യൻ | പ്രോഗ്രാം കോ-ഓർഡിനേറ്റർ/ സീനിയർ സയിന്റിസ്റ്റ് | കാർഷിക യന്ത്രവത്കരണവും വിള സംസ്കരണവും | 9496303457 |
| 2 | ശ്രീമതി പി. ശ്രീലത | സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് | ഭക്ഷ്യസംസ്കരണ വ്യവസായങ്ങളിലെ സംരഭകത്വ വികസനം | 9447866771 |
| 3 | ശ്രീ. എഫ്. പുഷ്പരാജ് ആഞ്ചലോ | സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് | കർഷക കൂട്ടായ്മകളുടെ രൂപീകരണവും കാർഷിക വിപണനവും | 9400257798 |
| 4 | ശ്രീ. ഷോജി ജോയ് എഡിസൺ | സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് | കുടുംബകൃഷിയും വിള പോഷക പരിപാലനവും | 9746469404 |
| 5 | ഡോ. വിജേന്ദ്ര കുമാർ മീണ | സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് | കാർഷിക ശാസ്ത്രം | 9746527413 |
| 6 | ഡോ. കെ. സ്മിത ശിവദാസൻ | സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് | മൃഗപരിപാലനം | 9446120244 |
| 7 | ഡോ. വികാസ് പി. എ | സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് | മത്സ്യകൃഷി | 9447993980 |
| 8 | ശ്രീമതി ദീപ്തി എൻ. വി. | പ്രോഗ്രാം അസിസ്റ്റന്റ് | നല്ല കൃഷി രീതികൾ (ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസ്) | 9895523463 |
| 9 | ശ്രീ മനു വി.കെ | പ്രോഗ്രാം അസിസ്റ്റന്റ് | കാർഷിക വിവര സാങ്കേതിക വിദ്യ | 9446060857 |
| 10 | ശ്രീ. ബി. സുരേഷ് കുമാർ | ഫാം മാനേജർ | കൃഷി | 9946353204 |
| 11 | ശ്രീ. ഡി. അഗസ്റ്റസ് ജൂലിൻ രാജ് | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | ഓഫീസ് നിർവ്വഹണം കെ.വി.കെ ഉത്പന്നങ്ങളുടെ വിപണനം | 9447200573 |
| 12 | ശ്രീമതി. റിൻസി കെ. ആർ | ജൂനിയർ സ്റ്റെനോഗ്രാഫർ | ഓഫീസ് നിർവ്വഹണം | 9496039879 |
| 13 | ശ്രീ. എം. കെ. അനിൽകുമാർ | സ്കിൽഡ് സപ്പോർട്ടിംഗ് സ്റ്റാഫ് | | |

## സി.എം.എഫ്.ആർ.ഐ വാർത്തകൾ


സി.ഐ.എഫ്.റ്റി ഡയറക്ടർ ഡോ. ശ്രീനിവാസ ഗോപാൽ ഷെൽകോൺ 2014 ഉദ്ഘാടനം ചെയ്യുന്നു.

### ഭക്ഷ്യമേള നടത്തി

കക്ക-ചിപ്പി മത്സ്യ ഭക്ഷ്യ മേള - ഷെൽകോൺ 2014 കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ വച്ച് മാർച്ച് 22 നും 23 നുമായി നടത്തി. കക്ക-ചിപ്പി മത്സ്യങ്ങളുടെ പോഷക ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങളുടെയിടയിൽ ബോധവൽകരണം നടത്തുക എന്ന ഉദ്ദേശത്തോടു കൂടി നാഷണൽ അഗ്രികൾച്ചറൽ ഇന്നോവേഷൻ പ്രോജക്ടിന്റെ സാമ്പത്തിക സഹായത്തോടെയാണ് ഈ പരിപാടി നടത്തിയത്. ഇതിനോടനുബന്ധിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലെ ഗവേഷണ-വികസന പ്രവർത്തകരുടെ ഒരു മുഖാമുഖം പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

### സമുദ്ര മത്സ്യ സ്ഥിതിവിവരക്കണക്ക് - 2013 പുറത്തിറക്കി.

2013 വർഷത്തെ സമുദ്രമത്സ്യ സ്ഥിതി വിവരണകണക്ക് 2014 ജൂൺ 10 ന് സി.എം.എഫ്.ആർ.ഐ യിൽ വച്ച് നടന്ന വാർ



സമുദ്ര മത്സ്യ സ്ഥിതിവിവരക്കണക്ക്-2013 പുറത്തിറക്കുന്നു.

ത്താസമ്മേളനത്തിൽ വച്ച് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പുറത്തിറക്കി. ഈ കണക്ക് പ്രകാരം ഇന്ത്യൻ തീരമേഖലയിൽ നിന്നും 2013 വർഷത്തിൽ 3.78 മില്ല്യൻ ടൺ മത്സ്യമാണ് ലഭിച്ചത്. ഇത് മുൻ വർഷത്തേക്കാൾ നാലു ശതമാനം കുറവാണ്. ഗുജറാത്ത്, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളുടെ തീരമേഖലയിൽ നിന്നാണ് കൂടുതൽ മത്സ്യം ലഭിച്ചത്. ഗുജറാത്തിൽ നിന്നും 7.17 ലക്ഷം ടൺ, തമിഴ്നാട്ടിൽ നിന്നും 6.88 ലക്ഷം ടൺ, കേരളത്തിൽ നിന്നും 6.71 ലക്ഷം ടൺ എന്ന തോതിലാണ് മത്സ്യസമ്പത്ത് ലഭിച്ചത്.

## കടലിലെ കൂടുമത്സ്യകൃഷി വിളവെടുപ്പ്

രാമേശ്വരത്തുള്ള കോബിയ ഫിഷർമെൻ വെൽഫെയർ അസോസിയേഷൻ എന്ന സ്വയം സഹായ സംഘമാണ് സി.എം.എഫ്.ആർ.ഐ യുടെ സാങ്കേതിക സഹായത്തോടെ കടലിൽ ആദ്യമായി കൂടു മത്സ്യകൃഷി നടത്തിയത്. പത്ത് കൂടുകളിൽ നിന്നുമായി വിളവെടുത്ത ഒൻപത് ടണ്ണോളം കോബിയ (മോദ) മത്സ്യം കിലോയ്ക്ക് 270/- രൂപ നിരക്കിൽ വിൽക്കാൻ ഈ കർഷകർക്ക് കഴിഞ്ഞു. ഭാരതത്തിലെ കൂടു മത്സ്യ കൃഷിയുടെ ചരിത്രത്തിൽ തന്നെ ഒരു നാഴികക്കല്ലാണ് ഈ വിളവെടുപ്പ്.



സി.എം.എഫ്.ആർ.ഐ.യുടെ മണ്ഡപം സെന്ററിൽ വെച്ച് നടന്ന കോബിയ (മോദ) വിളവെടുപ്പ്

## ചാകര പ്രതിഭാസത്തെക്കുറിച്ച് സി.എം.എഫ്.ആർ.ഐ – എൻ.ഐ.ഒ സംയുക്ത ഗവേഷണ പരിപാടിക്ക് തുടക്കം കുറിച്ചു.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും ഗോവയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി (എൻ.ഐ.ഒ.) ഡയറക്ടർ ഡോ. എസ്. ഡബ്ല്യൂ. നഖ്‌വിയും ചാകര പ്രതിഭാസത്തെ കുറിച്ചുള്ള സംയുക്ത ഗവേഷണ ഉടമ്പടിയിൽ ഒപ്പുവെച്ചു. ചാകര പ്രതിഭാസത്തിനു പിന്നിലുള്ള ശാസ്ത്രീയ വശങ്ങളെക്കുറിച്ച് പഠിക്കാൻ വിവിധമേഖലകളിൽ പ്രാവീണ്യം നേടിയ ഒരു വിദഗ്ദ സംഘത്തെ രണ്ടു സ്ഥാപനങ്ങളിൽ നിന്നും നിയോഗിച്ചിട്ടുണ്ട്. സി.എം.എഫ്.ആർ.ഐയുടെ ഗവേഷണ നൗകയായ സിൽവർ പൊമ്പാനൊ ഉപയോഗിച്ച് ആലപ്പുഴയുടെ തീരങ്ങളിലായിരിക്കും പഠനം.



സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും എൻ.ഐ.ഒ. ഡയറക്ടർ ഡോ. എസ്. ഡബ്ല്യൂ നഖ്‌വിയും ഉടമ്പടി കൈമാറുന്നു.

## കായൽ മുരിങ്ങ ജീവനോടെ കയറ്റുമതി ചെയ്തു തുടങ്ങി

സി.എം.എഫ്.ആർ.ഐ യുടെ സാങ്കേതിക സഹായത്തോടെ ആലപ്പുഴ വളഞ്ഞവഴിയിലുള്ള റെലിഷ് ഫുഡ്സ് എന്ന സ്ഥാപനം ജീവനുള്ള കായൽ മുരിങ്ങ ഹോംങ്കോങ്ങ് വിപണിയിലേക്ക് കയറ്റി അയച്ചു. ആഴ്ചയിൽ 3,500 കായൽ മുരിങ്ങകളാണ് ഡസന് 10 യു.എസ് ഡോളർ നിരക്കിൽ കയറ്റുമതി ചെയ്യുന്നത്. ശുദ്ധീകരിച്ച കായൽ മുരിങ്ങകളാണ് കയറ്റി അയക്കുന്നത്.



ജീവനോടെ കയറ്റി അയയ്ക്കാൻ തയ്യാറാവുന്ന കായൽ മുരിങ്ങകൾ

# KVK In News

ദീപിക 2014 ജൂൺ 4 ബുധൻ

## പൊക്കാളി പാടങ്ങളിൽ പ്രവർത്തിപ്പിക്കാവുന്ന ഉഴവുയന്ത്രം അവതരിപ്പിച്ചു



മാതൃഭൂമി — നാട്ടുവർത്തമാനം



## തൊഴിൽസേന രൂപവത്കരണം

THE TIMES OF INDIA, KOCHI
TUESDAY, JUNE 3, 2014

**DIGEST**

## Mini-tillering for pokkali land

The Krishi Vigyan Kendra (Ernakulam) of Central Marine Fisheries Research Institute has developed mini-... thod for land ... in pokkali ... new initiative ... ched at Illathu-... okkali pada-... n June 3 at ... rma, MLA ... augurating the

THE HINDU BusinessLine
AGRI-BUSINESS — BusinessLine THURSDAY, MAY 15, 2014 18

## Efforts on to revive Kerala's saline water rice farming

V SAJEEV KUMAR

THE NEW INDIAN EXPRESS
KOCHI WEDNESDAY 4 JUNE 2014

## Special Machine for Pokkali Farming Launched

Express News Service

Kochi: The Krishi Vigyan Kendra (KVK) of CMFRI here has launched a land preparation machine suitable for pokkali wetlands.



S Sarma MLA inaugurating the land preparation machine suitable for Pokkali wetlands at a function organised by the Krishi Vigyan Kendra near Edavanakkad, Kochi, on Tuesday | EXPRESS

BusinessLine
TUESDAY, AUGUST 26, 2014
AGRI-BUSINESS

## Abandoned quarries turn fish breeding ponds in Kerala

V SAJEEV KUMAR

BusinessLine
THURSDAY, JUNE 5, 2014

## Mechanisation to revive saline farming Pokkali

V SAJEEV KUMAR



To the rescue Pokkali farming is on the verge of extinction.

മാതൃഭൂമി • 2014 ജൂൺ 5 • വ്യാഴം

## 'വെള്ളായണി ഹ്രസ്വ' മരച്ചീനി വിളവെടുത്തു



THE NEW INDIAN EXPRESS — CITY EXPRESS
Kochi, Monday 21, April 2014

RICH HARVEST

## Farm Gate Market for Organically-grown Fish Held

The demo was organised for selling 'karimeen' and 'thirutha' grown in Pokkali fields



S Sarma MLA inaugurating the farm gate markets organised by Krishi Vigyan Kendra at Kumbalangi

THE TIMES OF INDIA, KOCHI
WEDNESDAY, JUNE 4, 2014

## Pokkali farms in west Kochi take the mechanized route

TIMES NEWS NETWORK



A mini tiller was presented to farmers in Edavanakkad to help them prepare the field for the pokkali crop before the monsoon sets in

**TILL THE FIELDS ARE GREEN**

- Mini tiller introduced to plough for the pokkali crop
- The tiller can plough about 1.5 acres in 8 hours, a job that will take 15 workers one day
- While the machine can be operated for only Rs 2,500 a day, you will have to shell out Rs 12,000 for labourers
- 15 Kudumbashree workers from each block panchayat will be trained into a mechanized task force for ploughing using tillers

മാതൃഭൂമി • 2014 ജൂലായ് 2 • ബുധനാഴ്ച

## നാടൻ വിത്തിനങ്ങൾ രജിസ്ട്രേഷൻ വഴി സംരക്ഷിക്കുന്നു

### കർഷകർക്ക് റോയൽറ്റിക്കും അവകാശം

THE HINDU • WEDNESDAY, JUNE 4, 2014
KOCHI

## Short duration tapioca harvested

Staff Reporter

**KOCHI:** A harvest mela of the short duration tapioca variety 'Vellayani Hraswa' was conducted by Krishi Vigyan Kendra (Ernakulam) of CMFRI at Vengola in the district.

The short duration high yielding variety helps farmers to get more income through efficient utilisation of the farmland by growing more than one crop in a year, said Saju Paul, Perumbavoor MLA, who inaugurated the programme.

The Vellayani Hraswa variety was developed by the College of Agriculture, Vellayani, said a press release.

മാതൃഭൂമി • 2014 സപ്തംബർ 15 • തിങ്കളാഴ്ച

## കൃഷിയിടങ്ങളിൽ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ ഇനി കുടുംബശ്രീ അംഗങ്ങളും

മാതൃഭൂമി • നാട്ടുവർത്തമാനം

## നഗരത്തിൽ സവാളയും വിളയും






**കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)**

**ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*

ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം,

കേരളം - 682 505, ഫോൺ : 0484 2492450

ഇ-മെയിൽ : kvkernakulam@yahoo.co.in I വെബ്സൈറ്റ് : www.kvkernakulam.org.in